# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **15/03/2017 ൽ മറുപടിക്ക്**
**ചോദ്യം നമ്പർ : 3855**

**പാലക്കാട് തൃശ്ശൂർ വ്യവസായ ഇടനാഴി**

| | | | |
|---|---|---|---|
| | **ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. കെ.ഡി. പ്രസേനൻ<br>പ്രൊഫ. കെ.യു. അരുണൻ<br>ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| | **ചോദ്യം** | | **മറുപടി** |
| (എ) | പാലക്കാട്- തൃശ്ശൂർ വ്യവസായ ഇടനാഴി പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ; | (എ) | കൊച്ചി - പാലക്കാട് മേഖലയെ ബാംഗ്ലൂർ വരെ ബന്ധിപ്പിക്കുന്നതിനുള്ള വ്യവസായ ഇടനാഴി രൂപീകരണത്തിന് വേണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. വ്യവസായ ഇടനാഴികളുടെ രൂപീകരണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള National Industrial Corridor Development and Implementation Trust (NICDIT) ന് പ്രസ്തുത പദ്ധതിയുടെ വിവരങ്ങൾ സമർപ്പിക്കാൻ കേന്ദ്ര സർക്കാർ നിർദ്ദേശിച്ച പ്രകാരം കൊച്ചി - ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ പ്രാഥമിക രൂപരേഖ തയ്യാറാക്കുന്നതിനായി ഒരു വിദഗ്ധോപദേശക ഏജൻസിയെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | എന്തെല്ലാം മാസ്റ്റർ പദ്ധതികളാണ് ഇതിലൂടെ വിഭാവനം ചെയ്തിട്ടുള്ളത്; | (ബി) | ഇതുമായി ബന്ധപ്പെട്ട മാസ്റ്റർ പദ്ധതികൾ ഏതെല്ലാമാണെന്ന് കേന്ദ്ര സർക്കാരാണ് നിർദ്ദേശിക്കുന്നത്. ഇതു സംബന്ധിച്ച അന്തിമ തീരുമാനം കേന്ദ്ര സർക്കാർ കൈകൊണ്ടിട്ടില്ല. |
| (സി) | പദ്ധതി എന്ന് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും ഇതിലേയ്ക്കാവശ്യമായ കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്നും വിശദമാക്കുമോ? | (സി) | കേന്ദ്ര സർക്കാരിന്റെ വിശദപഠനത്തിന് ശേഷം പദ്ധതി പൂർത്തീകരണവും ഇതിലേയ്ക്കാവശ്യമായ കർമ്മ പദ്ധതിയും സംബന്ധിച്ച വിവരങ്ങൾ കേന്ദ്ര സർക്കാരാണ് നിർദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ